**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4138 16.12.14 ലെ മറുപടിക്ക്**

## "ചെക്ക്പോസ്റ്റുകൾ വഴിയല്ലാതെയുള്ള കോഴിക്കടത്ത് തടയുന്നതിന് നടപടി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി . ചെന്താമരാക്ഷൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തേക്ക് ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ കോഴിക്കടത്ത് നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഊടു വഴികളിലൂടെ കോഴി കടത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് നികുതിവെട്ടിച്ച് കോഴികടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ബി) | ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ; ഇതിനായി എത്ര സ്ക്വാഡുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ; | (ബി) | ഇത് തടയുന്നതിനായി വാണിജ്യ നികുതി ഇന്റലിജൻസ് സ്ക്വാഡുകളുടെ സർവലൻസ് വർക്ക് ശക്തിപ്പെടുത്തുകയും സംസ്ഥാനത്തേക്കുള്ള ഊടുവഴികൾ ഉത്സവകാല സമയങ്ങളിലും അല്ലാതെയും സ്ക്വാഡുകളെ വിന്യസിച്ച് തടയാറുണ്ട്. ഇതിനായി 45 സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സർവലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകൾക്ക് ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ നടത്തുന്ന കോഴിക്കടത്ത് തടയുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>ഈയിനത്തിൽ 2011 മുതൽ ലഭിച്ച നികുതി വരുമാനം സംബന്ധിച്ച ഓരോവർഷത്തെയും വിശദാംശം നൽകുമോ?</td>
<td>(സി)</td>
<td>ഈ ഇനത്തിൽ 2011 മുതൽ 2014-15 നവംബർ 30 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലഭിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2011-12</td><td>529.04</td></tr>
<tr><td>2012-13</td><td>637.23</td></tr>
<tr><td>2013-14</td><td>903.11</td></tr>
<tr><td>2014-15 നവംബർ 30 വരെ</td><td>662.54</td></tr>
</table>
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**